**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3861** **27.06.2012-ൽ** മറുപടിക്ക്

## ഫോർ പ്ലസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. രാജു എബ്രഹാം | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) മുൻസർക്കാർ നടപ്പിലാക്കിയ ഫോർപ്ലസ് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു ; | എ) സംസ്ഥാനത്ത് ഒരു വലിയ പൊതുജനാരോഗ്യ പ്രശ്നമായി മാറിയ പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് ഫോർ പ്ലസ് പദ്ധതിയുടെ ഉദ്ദേശ്യം. |
| ബി) ഈ സർക്കാർ പ്രസ്തുത പദ്ധതി ഉപേക്ഷിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ;<br><br>സി) പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതിനാൽ പകർച്ചവ്യാധികൾ വ്യാപകമായത് മനസ്സിലാക്കിയിട്ടുണ്ടോ ? | (ബി) യും (സി) യും<br>ഫോർപ്ലസ് പദ്ധതി സർക്കാർ ഉപേക്ഷിച്ചിട്ടില്ല. 2012 ജനുവരി മുതൽ സംസ്ഥാന സർക്കാർ പുതിയതായി രൂപം കൊടുത്ത 'സമഗ്ര ആരോഗ്യ പരിപാടി'യുടെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ് പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഫോർപ്ലസ് പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ